പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4254. 25.06.2018 ന് മറുപടിയ്ക്ക്.

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

ചോദ്യം | ഉത്തരം

ശ്രീ.എം. സ്വരാജ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ബാബു :
ശ്രീ. കെ.വി.അബ്ദുൾ ഖാദർ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സാങ്കേതികശാസ്ത്ര മേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി വ്യവസായ പരിശീലന രംഗം അഴിച്ച് പണിയാനായി ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനും പുതിയവ തുടങ്ങുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡ് (KIIFB) മുഖേന ധനസഹായം ലഭ്യമാക്കി, സംസ്ഥാനത്തെ 10 ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് ഒരു ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കി കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊജക്റ്റിന് കിഫ്ബിയുടെ അനുമതിയും ധനസഹായവും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.<br>ഇതിന് പുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ.ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br>കൂടാതെ, ഈ സാമ്പത്തിക വർഷത്തെ (2018-19) ബഡ്ജറ്റിൽ പന്ന്യന്നൂർ (കണ്ണൂർ), പീലിക്കോട് (കാസർഗോഡ്), വെള്ളമുണ്ട (വയനാട്), അങ്കമാലി (എറണാകുളം), മയ്യനാട് (കൊല്ലം), വർക്കല (തിരുവനന്തപുരം) കുറ്റിക്കോൽ (കാസർഗോഡ്) എന്നീ സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.<br>ആയതിൽ കണ്ണൂർ ജില്ലയിലെ പന്ന്യന്നൂരും തിരുവനന്തപുരം ജില്ലയിലെ വർക്കലയിലും ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ആഗോളവൽകൃത തൊഴിൽ കമ്പോളത്തിൽ സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് തൊഴിൽ നൈപുണ്യം ആർജ്ജിക്കുന്നതിന് അവസരമൊരുക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നൈപുണ്യ വികസന പദ്ധതികൾ എന്തെല്ലാമാണ്; | (ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ<br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ<br>3. കൗശൽ കേന്ദ്രകൾ<br>4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ<br>5. അക്രഡിറ്റേഷൻ<br>ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് KASE നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ<br>1. എംപ്ലോയബിലിറ്റി സെന്ററുകൾ<br>2. കരിയർ ഡെവലപ്പ്മെന്റ് സെന്റർ<br>2020 ഓട് കൂടി 71450 യുവജനങ്ങളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജന PMKVY (2016-20) യുടെ സംസ്ഥാന ഘടകം (Centrally Sponsored State Managed Component) നടപ്പിലാക്കുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചു വരുന്നു. |
| (സി) പരിശീലനം നൽകുന്നത് കൂടാതെ തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (സി) 60% തൊഴിൽ സാധ്യത വ്യവസായ പങ്കാളികൾ ഉറപ്പു വരുത്തണമെന്ന വ്യവസ്ഥയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെയാണ് KASE - ന്റെ നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. സ്വകാര്യ മേഖലയിലെ തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന തൊഴിൽ മേളകൾ സംഘടിപ്പിച്ചു വരുന്നു. നൈപുണ്യ വികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്ക രീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ